# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1380 02.05.17 ൽ മറുപടിയ്ക്ക്**

**<u>പുതുക്കിയ രീതിയിലുള്ള ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ്</u>**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ തരത്തിൽ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കമോ; | (എ) | സംസ്ഥാനത്ത് പുതിയ .തരത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ് . എന്നാൽ പ്രസ്തുത രീതിയിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് ബഹു. കേരള ഹൈക്കോടതിയുടെ WP(C) 7243/2017 -ലെ ഉത്തരവ് പ്രകാരം 15.05.2017 വരെ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | വളരെ കർശനമായ രീതിയിൽ, അർഹതപ്പെട്ടവർക്ക് മാത്രം ലൈസൻസ് കൊടുക്കുവാൻ പറ്റുന്ന തരത്തിൽ പുതിയ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | വളരെ കർശനമായ രീതിയിൽ അർഹതപ്പെട്ടവർക്ക് മാത്രം ലൈസൻസ് ലഭിക്കുന്ന തരത്തിൽ പുതിയ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനം ഓടിക്കുന്നവരുടെ ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിക്കുന്നതിലേക്കായി കമ്പ്യൂട്ടർവത്കൃത ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിക്കുകയും ഗ്രേഡിയന്റ് ടെസ്റ്റ് ( കയറ്റത്തിൽ വാഹനങ്ങൾ നിർത്തുന്നതിനുള്ള പരീക്ഷ), ആംഗലാർ റിവേഴ്സ് പാർക്കിംഗ് ടെസ്റ്റ് (വാഹനങ്ങൾ തിരിച്ചു പാർക്ക് ചെയ്യുന്നതിനുള്ള പരീക്ഷ ) എന്നിവ കൂടി നടത്തിവരികയും ചെയ്തു വരുന്നു.<br><br>കമ്പ്യൂട്ടർവത്കൃത ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് മോട്ടോർവാഹന വകുപ്പിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ